"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൃശ്ശൂർ ജില്ലയിൽ സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ച വന്നിരുന്ന 6 കുടുംബങ്ങളിലെ ഗൃഹനാഥരായിരുന്ന മരണപ്പെട്ട വരുടെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി, 10.06.2015-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആയതിൽ പറയുന്ന ഭൂമിവില ഈടാക്കിക്കൊണ്ട് വിട്ടുനൽകുന്നതിന് സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.53/2024/RD തീയതി,തിരുവനന്തപുരം, 23-02-2024

പരാമർശം:-

1. സ.ഉ.(സാധാ)നം.193/2007/വ്യവ തീയതി 19/02/2007
2. സ.ഉ.(കൈ)നം.81/2015/വ്യവ തീയതി 10/06/2015
3. സീതാറാം മാനേജിംഗ് ഡയറക്ടറുടെ 03/02/2016ലെ STL/975/15-16 നമ്പർ കത്ത്
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 06/11/2023 തീയതിയിലെ LR/342/2022-LR(J) നമ്പർ കത്ത്

ഉത്തരവ്

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ നവീകരണത്തിനുള്ള ധനസമാഹരണത്തിന്റെ ഭാഗമായി മില്ലിന്റെ 76.9 സെന്റ് സ്ഥലം തൃശ്ശൂർ ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂവില ഈടാക്കി പൊതുലേലത്തിൽ വിൽക്കുന്നതിനും മില്ലിന്റെ ഭൂമി കൈയ്യേറി കൈവശത്തിലാക്കി അവിടെ 1958 മുതൽ അധിവസിച്ച വരുന്ന 18 കുടുംബങ്ങൾ ക്കായി 47.98 സെന്റ് സ്ഥലം പതിച്ച നൽ കുന്നതിന് പരാമർ ശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. അതുപ്രകാരം ആർ ഒന്നിന് 49,470/- രൂപ നിരക്കിൽ ഭൂവില നൽകിയ 7 കുടുംബങ്ങൾക്ക് മാത്രം സ്ഥലം കൈമാറ്റം ചെയ്തിരുന്നു. ബാക്കിയുള്ള കുടുംബങ്ങൾക്ക് ജില്ലാ കളക്ടർ നിശ്ചയിച്ച നിരക്കിലുള്ള പണം ഒടുക്കുവാൻ സാമ്പത്തിക ശേഷി ഉണ്ടായിരുന്നില്ല. തുടർന്ന്, മറ്റൊരാൾക്കും ഭൂമി കൈമാറ്റം ചെയ്യുവാൻ പാടില്ല, എന്ന നിബന്ധനയോടു കൂടി സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ തൃശ്ശൂർ താലൂക്കിലുള്ള ഭൂമിയിൽ 1958 മുതൽ അധിവസിച്ച വരുന്ന 11 കുടുംബങ്ങൾക്ക് സെന്റിന് 1000/- രൂപ നിരക്കിൽ വില ഈടാക്കി കൈമാറ്റം ചെയ്യുന്നതിന് പരാമർ ശം (2) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും 5 കുടുംബങ്ങൾക്ക് ഭൂമി കൈമാറുകയും ചെയ്തു.

2. സീതാറാം ഭൂമിയിൽ താമസിച്ച വന്നിരുന്ന 18 കുടുംബങ്ങളിൽ 12 കുടുംബങ്ങൾ പരാമർശം

(1), (2) ഉത്തരവുകൾ പ്രകാരമുള്ള പണം നൽകി ഭൂമി സ്വന്തമാക്കിയിട്ടുണ്ട് എന്നും ഇതിൽ ബാക്കിയുള്ള 6 കുടുംബങ്ങളിലെ ഗൃഹനാഥർ മരിച്ചു പോയതിനാൽ അവരുടെ നിയമാനുസൃത അനന്തരാവകാശികൾക്കായി ഭൂമി വിട്ടു നൽകണമെന്ന അനന്തരാവകാശികളുടെ ആവശ്യത്തിന്മേൽ സർക്കാർ അനുമതിക്കു വിധേയമായി ഭൂമി വിട്ടുനൽകുന്നതിന് 08.01.2016 ൽ ചേർന്ന സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ഡയറക്ടർ ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി എന്നും ഇനിയും ഭൂമി അനുവദിച്ചു നൽകിയിട്ടില്ലാത്ത ഗൃഹനാഥർ മരണപ്പെട്ടുപോയ ബാക്കിയുള്ള 6 കുടുംബങ്ങളിലെ നിയമാനുസൃത അനന്തരാവകാശികൾക്കായി 10.06.2015-ലെ ഉത്തരവിനു വിധേയമായി ഭൂമി വിട്ടുനൽകണമെന്ന് സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സൗജന്യ നിരക്കിൽ ഭൂമി വിട്ടു നൽകേണ്ട നിർദ്ദേശം ആയതിനാൽ നിയമാനുസൃത അവകാശികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാക്കിയിരുന്നു10.06.2015നു. സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ളതും, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ് സർവ്വെ 1684/1 ഉൾപ്പെട്ടതുമായ പ്രസ്തുത ഭൂമിയിൽ 1958 മുതൽ അധിവസിച്ചുവരുന്ന ഈ 6 കുടുംബങ്ങൾ പ്രസ്തുത ഭൂമി ലഭിയ്ക്കുന്നതിന് അർഹരാണെന്നും, പ്രസ്തുത കുടുംബങ്ങളിലെ ഗൃഹനാഥർ മരിച്ചു പോയ സാഹചര്യത്തിൽ അവരുടെ നിയമാനുസൃത അവകാശികൾക്ക് ഭൂമി വിട്ടുനൽകാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ചു വന്നിരുന്ന 6 കുടുംബങ്ങളിലെ ഗൃഹനാഥരായിരുന്ന മരണപ്പെട്ട പത്മാവതി അമ്മ.കെ, ശങ്കരൻ എഴുത്തച്ഛൻ (വടക്കൂട്ട് ഹൗസ്), കെ.കെ.വാസു, ശങ്കരൻ എഴുത്തച്ഛൻ (പള്ളിവളപ്പിൽ ഹൗസ്), വേലു.പി.എ, ദേവകിഅമ്മ എന്നിവരുടെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി, പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആയതിൽ പറയുന്ന ഭൂമിവില ഈടാക്കിക്കൊണ്ട് വിട്ടുനൽകുന്നതിന് സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, സീതാറാം ടെക്സ്റ്റൈൽസ്, പൂങ്കുന്നം, തൃശ്ശൂർ

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

3. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

4. ജില്ലാ കളക്ടർ, തൃശ്ശൂർ

5. ഡയറക്ടർ, ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ്

6. നിയമ വകുപ്പ് (27/12/2016 ലെ UO 22377/ഉപദേശ.ജി1/16/നിയമം പ്രകാരം)

7.പൊതുഭരണ (എസ് സി) വകുപ്പ് (21/2/2024-ലെ ഇനം നം. 2074 പ്രകാരം)

8. വ്യവസായ വകുപ്പ് (സി3/40/2016/വ്യവ പ്രകാരം)

9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Priya Vincent

Date: 28-02-2024 16:58:49

പകർപ്പ്:-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

71

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-02-2024

111)

ഫയൽ നം. വ്യവ-സി3/40/2016/വ്യവ. ഇനം നം: 2074

വിഷയം : വ്യവസായ വകുപ്പ് - തൃശ്ശൂർ ജില്ലയിൽ സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ചു വരുന്ന 6 കുടുംബങ്ങളിലെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി വിട്ടുനൽകണമെന്ന ആവശ്യം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, വ്യവസായ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

57

2074

(110)

# കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : വ്യവ-സി3/40/2016-വ്യവ |
| 2. | വകുപ്പ് | : വ്യവസായ (സി)വകുപ്പ് |
| 3. | വിഷയം | : തൃശ്ശൂർ ജില്ലയിൽ സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ചു വരുന്ന 6 കുടുംബങ്ങളിലെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി വിട്ടുനൽകണമെന്ന ആവശ്യം സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 01.02.2024 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : ഇല്ല |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 7. | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. സിജു ജേക്കബ് |
| 8. | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ. സൗരഭ് ജെയിൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12/02/2024 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12/02/2024 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 16/02/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19/02/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ ജില്ലയിലെ സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ചു വരുന്ന 6 കുടുംബങ്ങളിലെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി വിട്ടു നൽകുന്നതിന് സർക്കാർ അനുമതി നൽകണമെന്ന മാനേജിംഗ് ഡയറക്ടറുടെ ആവശ്യം സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2)സീതാറാം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനുള്ള ധനസമാഹരണത്തിന്റെ ഭാഗമായി മില്ലിന്റെ 76.9 സെന്റ് സ്ഥലം തൃശ്ശൂർ ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂവില ഈടാക്കി പൊതുലേലത്തിൽ വിൽക്കുന്നതിനും മില്ലിന്റെ ഭൂമി കൈയ്യേറി കൈവശത്തിലാക്കി അവിടെ 1958 മുതൽ അധിവസിച്ചു വരുന്ന 18 കുടുംബങ്ങൾക്കായി 47.98 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് 19.02.2007 ലെ സ.ഉ(സാധാ) നം.193/2007/വ്യവ നമ്പർ ഉത്തരവിൻ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. അതുപ്രകാരം ആർ ഒന്നിന് 49,470/- രൂപ നിരക്കിൽ ഭൂവില നൽകിയ 7 കുടുംബങ്ങൾക്ക് മാത്രം സ്ഥലം കൈമാറ്റം ചെയ്തിരുന്നു. ബാക്കിയുള്ള കുടുംബങ്ങൾക്ക് ജില്ലാ കളക്ടർ നിശ്ചയിച്ച നിരക്കിലുള്ള പണം ഒടുക്കുവാൻ സാമ്പത്തിക ശേഷി ഉണ്ടായിരുന്നില്ല. തുടർന്ന്, മറ്റൊരാൾക്കും ഭൂമി കൈമാറ്റം ചെയ്യുവാൻ പാടില്ല, എന്ന നിബന്ധനയോടു കൂടി സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ തൃശ്ശൂർ താലൂക്കിലുള്ള ഭൂമിയിൽ 1958 മുതൽ അധിവസിച്ചു വരുന്ന 11 കുടുംബങ്ങൾക്ക് സെന്റിന് 1000/- രൂപ നിരക്കിൽ വില ഈടാക്കി കൈമാറ്റം ചെയ്യുന്നതിന് 10.06.2015 ലെ സ.ഉ(കൈ)നം.81/2015/വ്യവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും 5 കുടുംബങ്ങൾക്ക് ഭൂമി കൈമാറുകയും ചെയ്തു.

3) സീതാറാം ടെക്സ്റ്റൈൽസിന്റെ ഭൂമിയിൽ താമസിച്ചു വന്നിരുന്ന 18 കുടുംബങ്ങളിൽ 7 കുടുംബങ്ങൾ 19.02.2007 ലെ ഉത്തരവിൽ പരാമർശിച്ച പ്രകാരവും 5 കുടുംബങ്ങൾ 10.06.2015 ലെ ഉത്തരവിൽ പരാമർശിച്ച പ്രകാരവുമുള്ള പണം നൽകി ഭൂമി സ്വന്തമാക്കിയിട്ടുണ്ട് എന്ന് സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർ പിന്നീട് അറിയിക്കുകയുണ്ടായി. ഇതിൽ ബാക്കിയുള്ള 6 കുടുംബങ്ങളിലെ ഗൃഹനാഥർ മരിച്ചു പോയതിനാൽ അവരുടെ നിയമാനുസൃത അനന്തരാവകാശികൾക്കായി ഭൂമി വിട്ടു നൽകണമെന്ന അനന്തരാവകാശികളുടെ ആവശ്യത്തിന്മേൽ സർക്കാർ അനുമതിക്കു വിധേയമായി ഭൂമി വിട്ടുനൽകുന്നതിന് 08.01.2016 ൽ ചേർന്ന സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ഡയറക്ടർ ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി. ഇനിയും ഭൂമി അനുവദിച്ചു നൽകിയിട്ടില്ലാത്ത ഗൃഹനാഥർ മരണപ്പെട്ടുപോയ ബാക്കിയുള്ള 6 കുടുംബങ്ങളിലെ നിയമാനുസൃത അനന്തരാവകാശികൾക്കായി 10.06.2015 ലെ ഉത്തരവിനു വിധേയമായി ഭൂമി വിട്ടുനൽകണമെന്ന് സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

4)സീതാറാം ടെക്സ്റ്റൈൽസ് ലഭ്യമാക്കിയ അവകാശികളുടെ വിവരങ്ങളും അവരുടെ കുടുംബ വരുമാനം, ഇപ്പോഴത്തെ താമസം, അവർക്ക് മറ്റെവിടെയെങ്കിലും സ്വന്തമായി ഭൂമിയുണ്ടോ, അവരുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി, കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂവില നിരക്ക് എന്നിവ സംബന്ധിച്ച് തൃശ്ശൂർ വില്ലേജ് ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | മിൽ വക ഭൂമിയിൽ താമസിച്ചിരുന്ന മരണപ്പെട്ട വ്യക്തിയുടെ വിവരങ്ങൾ | ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി(കുടുംബ വാർഷിക വരുമാനം) | ഭൂമി വിട്ടു നൽകേണ്ടത് | താമസ സ്ഥലം | സ്വന്തമായി ഭൂമി ഉണ്ടോ | ഭൂമിയുടെ വില |
|---|---|---|---|---|---|---|
| 1 | **പത്മാവതി അമ്മ.കെ** കടങ്ങോട്ട് ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.4, പൂങ്കുന്നം, തൃശ്ശൂർ | 33,000/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |
| 2 | **ശങ്കരൻ എഴുത്തച്ഛൻ** വടക്കൂട്ട് ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.8, പൂങ്കുന്നം, തൃശ്ശൂർ | 32,000/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |
| 3 | **കെ.കെ.വാസു,** വടക്കൂട്ട് ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.9, പൂങ്കുന്നം, തൃശ്ശൂർ | 34,000/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |
| 4 | **ശങ്കരൻ എഴുത്തച്ഛൻ,** പള്ളിവളപ്പിൽ ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.10, പൂങ്കുന്നം, തൃശ്ശൂർ | 33,000/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |
| 5 | **വേലു.പി.എ** പള്ളിവളപ്പിൽ ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.11, പൂങ്കുന്നം, തൃശ്ശൂർ | 33,000/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |
| 6 | **ദേവകി അമ്മ** തത്തംമ്പാട്ട് ഹൗസ്, സീതാറാം മിൽ ലെയ്ൻ, പ്ലോട്ട് നമ്പർ.18, പൂങ്കുന്നം, തൃശ്ശൂർ | 58,600/- | നിയമപരമായ അവകാശികൾക്ക് | മിൽ വക ഭൂമി | ഇല്ല | സെന്റിന് 1,000/- രൂപ നിരക്കിൽ |

5) മേൽ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പൊതു മേഖലാ സ്ഥാപനമായ സീതാറാം ടെക്സ്റ്റയിൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമി നിശ്ചിത വില ഈടാക്കി 11 കുടുംബങ്ങൾക്ക് പതിച്ചു നൽകുന്നതിനാണ് 10.06.2015-ലെ G.O(Ms)No.81/2015/ID പ്രകാരം ഭരണ വകുപ്പ് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച്, അപേക്ഷകൻ മരണപ്പെട്ട സംഗതികളിൽ, കുടുംബത്തിലെ നിയമാനുസൃത അനന്തരാവകാശിക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിതമായ തീരുമാന മെടുക്കാവുന്നതാണ് ".

6) സൗജന്യ നിരക്കിൽ ഭൂമി വിട്ടു നൽകേണ്ട നിർദ്ദേശം ആയതിനാൽ നിയമാനുസൃത അവകാശികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കി റവന്യൂ വകുപ്പുമായി കൂടി ആലോചിച്ചു. ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:-

"സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ളതും തൃശ്ശൂർ താലൂക്ക് തൃശ്ശൂർ വില്ലേജ് സർവ്വേ നം.1684/1 ഉൾപ്പെട്ടതായ ഭൂമിയിൽ 1958 മുതൽ അധിവസിച്ചു വരുന്ന 6 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് സഹിതം വ്യവസായ വകുപ്പിന്റെ ഫയൽ തിരികെ നൽകുന്നു."

7) റവന്യൂ വകുപ്പ് ലഭ്യമാക്കിയ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

പട്ടികയിൽ ക്രമ നം.1 ആയ പത്മാവതി അമ്മ.കെ യുടെ ഭർത്താവും രണ്ട് മക്കളിൽ ഒരാളും മരണപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഭാരതി എന്ന മകൾക്ക് സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഇതേ സർവ്വേ നമ്പരിൽപ്പെട്ട മറ്റൊരു ഭൂമി ഇത്തരത്തിൽ സർക്കാർ ഉത്തരവ് പ്രകാരം കൈമാറി കിട്ടിയിട്ടുണ്ട്. അതു പ്രകാരം (TP 2836-N) സർവ്വെ നം.1684/1ൽ

0.0068 ഹെക്ടർ ഭൂമി ഭാരതിയുടെ പേരിലുണ്ട്. മരണപ്പെട്ട മകൾ സുമതിയുടെ ഭർത്താവും മരണപ്പെട്ടിട്ടുള്ളതും അവരുടെ മക്കളായ ശിവദാസൻ, പ്രകാശൻ എന്നിവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമി ഇല്ലാത്തതുമാണ്. ഇതിൽ ശിവദാസനും കുടുംബവുമാണ് അപേക്ഷസ്ഥലത്ത് താമസിച്ചുവരുന്നത്.

ക്രമ നം.2 ആയ ശങ്കരൻ എഴുത്തച്ഛൻ എന്നയാളുടെ ഭാര്യ മരണപ്പെട്ടിട്ടുള്ളതാണ് 3 പെൺമക്കളും ഒരു മകനുമാണ് ഇവർക്കുള്ളത്. ഇതിൽ മകൾ സുലോചനയും മരണപ്പെട്ടുപോയ മകന്റെ ഭാര്യ കുമാരി, മകൻ അരുൺ എന്നിവരുമാണ് ടി സ്ഥലത്ത് താമസിച്ചു വരുന്നത്. ഇവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമി ഇല്ലാത്തതാണ്.

ക്രമ നം.3 ആയ കെ.കെ.വാസു എഴുത്തച്ഛന്റെ ഭാര്യ ഭവാനിയും രണ്ട് മക്കളും അവരുടെ കുടുംബവുമാണ് ടി സ്ഥലത്ത് താമസിച്ചു വരുന്നത്. ഇവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമി ഇല്ലാത്തതാണ്.

ക്രമ നം.4 ആയ ശങ്കരൻ എഴുത്തച്ഛന്റെ ഭാര്യ മരണപ്പെട്ടിട്ടുള്ളതും രണ്ട് മക്കളുള്ളതിൽ മരണപ്പെട്ട മകന്റെ ഭാര്യ രുഗ്മിണിയും മകനുമാണ് ടി സ്ഥലത്ത് താമസിച്ചു വരുന്നത്. ഇവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമി ഇല്ലാത്തതാണ്.

ക്രമ നം.5 ആയ വേലു പി.എ യുടെ ഭാര്യ മരണപ്പെട്ടിട്ടുള്ളതും ടിയാന്റെ ആറു മക്കളിൽ നാലു മക്കൾ മറ്റു സ്ഥലങ്ങളിൽ താമസിച്ചു വരുന്നു. ജാനകി ശകുന്തള എന്നീ മക്കളും ശകുന്തളയുടെ മക്കളുമാണ് ടി സ്ഥലത്ത് താമസിച്ചു വരുന്നത്. ഇവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമി ഇല്ലാത്തതാണ്.

ക്രമ നം.6 ആയ ദേവകി അമ്മയുടെ ഭർത്താവ് മരണപ്പെട്ടിട്ടുള്ളതും ഇവർക്ക് നാലു മക്കളുള്ളതിൽ ഒരു മകൻ മരണപ്പെട്ടുപോയിട്ടുള്ളതാണ്. മരണപ്പെട്ട മകന്റെ കുടുംബവും മറ്റൊരു മകനും കുടുംബവും മറ്റു സ്ഥലങ്ങളിൽ താമസിച്ചു

വരുന്നു. രാധാകൃഷ്ണൻ, രാമചന്ദ്രൻ എന്നീ 2 മക്കൾ പ്രത്യേകം വീടുകൾ വച്ച് നിലവിൽ താമസിച്ചു വരുന്നു. ഇവർക്ക് തൃശ്ശൂർ വില്ലേജിൽ വേറെ ഭൂമിയില്ലാത്തതാണ്.

സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ളതും, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ് സർവ്വെ 1684/1 ഉൾപ്പെട്ടതുമായ പ്രസ്തുത ഭൂമിയിൽ 1958 മുതൽ അധിവസിച്ചുവരുന്ന ഈ 6 കുടുംബങ്ങൾ പ്രസ്തുത ഭൂമി ലഭിക്കുന്നതിന് അർഹരാണെന്നും, പ്രസ്തുത കുടുംബങ്ങളിലെ ഗൃഹനാഥർ മരിച്ചു പോയ സാഹചര്യത്തിൽ അവരുടെ നിയമാനുസൃത അവകാശികൾക്ക് ഭൂമി വിട്ടുനൽകാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

8) ഇക്കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

തൃശ്ശൂർ ജില്ലയിൽ സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1958 മുതൽ താമസിച്ചു വന്നിരുന്ന 6 കുടുംബങ്ങളിലെ ഗൃഹനാഥരായിരുന്ന മരണപ്പെട്ട പത്മാവതി അമ്മ.കെ, ശങ്കരൻ എഴുത്തച്ഛൻ, കെ.കെ.വാസു, ശങ്കരൻ എഴുത്തച്ഛൻ, വേലു.പി.എ, ദേവകിഅമ്മ എന്നിവരുടെ നിയമാനുസൃത അവകാശികൾക്ക് മില്ലിന്റെ ഭൂമി, 10.06.2015 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആയതിൽ പറയുന്ന ഭൂമിവില ഈടാക്കിക്കൊണ്ട് വിട്ടുനൽകുന്നതിന് സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?